**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് മുൻ പ്രസിഡന്റ് ശ്രീമതി ഇന്ദിരാ ചന്ദ്രന്റെ യാത്രാബത്ത - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1326/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 26.04.2017.

==================================================

പരാമർശം:- 1. പാലക്കാട് അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണറുടെ 06/08/2016 ലെ ആർഡി-115/2016 നമ്പർ കത്ത്.

2. ഗ്രാമവികസന കമ്മീഷണറുടെ 01.10.2016-ലെ 22383/ഡിപി5/15/സി.ആർ.ഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് മുൻ പ്രസിഡന്റ് ശ്രീമതി ഇന്ദിരാ ചന്ദ്രന്റെ 2010 നവംബർ മുതൽ 2013 ജനുവരി വരെയുള്ള യാത്രാ ബത്ത സർക്കാരിന്റെ അനുമതിയോടെ അനുവദിക്കുന്നതിന് ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 23/12/2014 ലെ സാധാരണ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ടെന്നും, യാത്രകൾ യഥാർത്ഥമാണെന്നും ഔദ്യോഗിക തിരക്കുകൾ മൂലം സമയബന്ധിതമായി ബില്ലുകൾ സമർപ്പിക്കാൻ കഴിയാതിരുന്നതാണെന്നും ആയതിനാൽ യാത്രാ ബത്ത അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം 1 പ്രകാരം അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), പാലക്കാട് ആവശ്യപ്പെട്ടിരുന്നു.

2. ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് മുൻ പ്രസിഡന്റ് ശ്രീമതി ഇന്ദിരാ ചന്ദ്രന്റെ 2010 നവംബർ മുതൽ 2013 ജനുവരി വരെയുള്ള യാത്രാ ബത്ത അനുവദീയമാണെന്നും ഔദ്യോഗിക തിരക്കുകൾ മൂലം സമയബന്ധിതമായി ബില്ലുകൾ സമർപ്പിക്കാൻ കഴിയാതെ വന്ന പ്രത്യേക സാഹചര്യത്തിൽ യാത്രാ ബത്ത അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകാവുന്നതാണെന്നും പരാമർശം 2 പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് മുൻ പ്രസിഡന്റ് ശ്രീമതി ഇന്ദിരാ ചന്ദ്രന്റെ 2010 നവംബർ മുതൽ 2013 ജനുവരി വരെയുള്ള യാത്രാ ബത്ത ഒരു പ്രത്യേകകേസായി പരിഗണിച്ചുകൊണ്ട് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സിനി ജെ ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, ആലത്തൂർ.
ശ്രീമതി ഇന്ദിരാ ചന്ദ്രൻ, മുൻ പ്രസിഡന്റ്, ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത്.

അക്കൗണ്ട് ജനറൽ (A&E/Audit) തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പ്
വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ